## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4831. — 18.12.2014 ൽ മറുപടിക്ക്

**ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കുന്നതുമൂലം ഭക്ഷ്യധാന്യങ്ങളുടെ അളവിൽ വരുന്ന വ്യത്യാസം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ:<br>,, തോമസ് ചാണ്ടി: | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |

(എ) കേരളത്തിന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ അളവ് എത്രയെന്ന് വെളിപ്പെടുത്താമോ;

(എ) കേന്ദ്ര സർക്കാരിൽ നിന്നും 2014 ഡിസംബർ മാസത്തിൽ ലഭ്യമാകുന്ന അരി, ഗോതമ്പ് എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു.

| ഇനം | പ്രതിമാസം (മെ.ടൺ) |
|---|---|
| എ.പി.എൽ.അരി | 59333.750 |
| ബി.പി.എൽ.അരി | 37953.125 |
| എ.എ.വൈ. അരി | 20855.000 |
| എ.പി.എൽ.ഗോതമ്പ് | 11777.000 |
| ബി.പി.എൽ.ഗോതമ്പ് | 6963.000 |

(ബി) ഭക്ഷ്യസുരക്ഷാ നിയമം നടപ്പിലാക്കിയാൽ കേരളത്തിന് ഇപ്പോൾ അനുവദിക്കുന്ന ഭക്ഷ്യ ധാന്യങ്ങളിൽ എത്ര കുറവ് വരുമെന്നാണ് കണക്കാക്കിയിരിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

(ബി) ഭക്ഷ്യ സുരക്ഷാ നിയമം നടപ്പിലാക്കുമ്പോൾ കേരളത്തിന് പ്രതിവർഷം ലഭ്യമാകുന്ന വിഹിതം 14.25 ലക്ഷം മെ.ടൺ ആണ്. കേരളത്തിന് നിലവിൽ പ്രതിമാസം ലഭിച്ചുകൊണ്ടിരിക്കുന്ന എ.പി.എൽ, ബി.പി.എൽ. എ.എ.വൈ. വിഭാഗങ്ങൾക്കുള്ള അരി, ഗോതമ്പ് എന്നിവയുടെ ആകെ അളവ് 1,36,881.875 മെ.ടൺ എന്ന ക്രമത്തിൽ പ്രതിവർഷം 16,42,582.500 മെ.ടൺ ആണ്. ആയതിനാൽ 2.17 ലക്ഷം മെ.ടൺ അളവ് വിഹിതം കുറയുവാൻ സാധ്യതയുണ്ട്. ഇത് നിലനിറുത്തി തരണമെന്ന് തുടർച്ചയായി സംസ്ഥാനം ആവശ്യപ്പെടുന്നുണ്ട്.

സെക്ഷൻ ഓഫീസർ